# മഹാരാജാസ് കോളേജ്, എറണാകുളം

(ഒരു സർക്കാർ സ്വയംഭരണ കോളേജ്)

## നോട്ടിഫിക്കേഷൻ

(UG/PG സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷകൾ, ജൂൺ 2022)

No. 6/എ1/2022/സി.ഇ. തീയതി, 06-05-2022

1. 2022 ജൂൺ മാസത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന വിവിധ UG/PG സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് അപേക്ഷ സ്വീകരിക്കുന്നു. വിശദമായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

| നം. | UG പരീക്ഷയുടെ പേര് | ബാധകമായിട്ടുള്ള വിദ്യാർത്ഥികൾ |
|---|---|---|
| 1 | നാലാം സെമസ്റ്റർ UG ഇംപ്രൂവ്മെന്റ് | 2019 അഡ്മിഷൻ UG വിദ്യാർഥികൾ |
| 2 | നാലാം സെമസ്റ്റർ UG സപ്ലിമെന്ററി | 2016, 2017, 2018, 2019 അഡ്മിഷൻ UG വിദ്യാർഥികൾ |
| 3 | രണ്ടാം സെമസ്റ്റർ UG ഇംപ്രൂവ്മെന്റ് | 2020 അഡ്മിഷൻ UG വിദ്യാർഥികൾ |
| 4 | രണ്ടാം സെമസ്റ്റർ UG സപ്ലിമെന്ററി | 2016, 2017, 2018, 2019, 2020 അഡ്മിഷൻ UG വിദ്യാർഥികൾ |
| നം. | PG പരീക്ഷയുടെ പേര് | ബാധകമായിട്ടുള്ള വിദ്യാർത്ഥികൾ |
| 5 | നാലാം സെമസ്റ്റർ PG സപ്ലിമെന്ററി | 2018, 2019 അഡ്മിഷൻ PG വിദ്യാർഥികൾ |
| 6 | രണ്ടാം സെമസ്റ്റർ PG ഇംപ്രൂവ്മെന്റ് | 2020 അഡ്മിഷൻ PG വിദ്യാർഥികൾ |
| 7 | രണ്ടാം സെമസ്റ്റർ PG സപ്ലിമെന്ററി | 2018, 2019, 2020 അഡ്മിഷൻ PG വിദ്യാർഥികൾ |

2. 2018, 2019, 2020 അഡ്മിഷൻ UG/PG വിദ്യാർഥികൾ ഓൺലൈനായി മാത്രമാണ് ഫീസ് അടയ്ക്കേണ്ടത്. കോളേജ് വെബ്സൈറ്റിലെ സ്റ്റുഡന്റ് പോർട്ടലിൽ (https://maharajas.ac.in/mhsuite) ലോഗിൻ ചെയ്താണ് ഫീസ് അടയ്ക്കേണ്ടത്. Admission Number ആണ് Username. Password മറന്നു പോയവർ Helpline നമ്പരിൽ ബന്ധപ്പെട്ട് അത് റീസെറ്റ് ചെയ്യേണ്ടതാണ്. ലോഗിൻ ചെയ്തശേഷം Menu option -ൽ Academic → Exam Registration → Apply Now എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുക. ഓൺലൈനായി ഫീസ് അടയ്ക്കുന്നതു സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നത് ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കുക.
3. ഫീസ് അടച്ചതിനുശേഷം Fee Receipt, Examination Registration Form എന്നിവ നിർബന്ധമായും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുകയും, ആവശ്യപ്പെടുന്നപക്ഷം അവയുടെ പ്രിന്റൗട്ട് ഹാജരാക്കേണ്ടതുമാണ്. മേൽ രേഖകൾ ലഭ്യമായിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ സാധിക്കുന്നതല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക.
4. 2016, 2017 അഡ്മിഷൻ UG വിദ്യാർഥികൾ കോളേജ് ഓഫീസ് കൗണ്ടറിൽ ആണ് പരീക്ഷാഫീസ് അടയ്ക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷാ ഫോറം, ഫീസ് അടച്ച രസീത് എന്നിവ കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5. എല്ലാ പരീക്ഷകൾക്കും ബാധകമായ ഫീസ് അടയ്ക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| ഫൈൻ കൂടാതെ | 09-05-2022 മുതൽ 14-05-2022 വരെ |
| ഫൈൻ (50 രൂപ) സഹിതം | 16-05-2022 മുതൽ 17-05-2022 വരെ |
| സൂപ്പർ ഫൈൻ (500 രൂപ) സഹിതം | 19-05-2022 ന് മാത്രം |
| ബിലേറ്റഡ് ഫൈൻ (1050 രൂപ) സഹിതം | 21-05-2022 ന് മാത്രം |

6. അവസാന ദിവസങ്ങളിൽ ഉണ്ടാകാനിടയുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ ആദ്യ ദിവസങ്ങളിൽതന്നെ ഫീസ് അടയ്ക്കാൻ ശ്രമിക്കുക.
7. Helpline Numbers: 9567240122, 9020959731

MAHARAJA'S COLLEGE ERNAKULAM COCHIN-682011

പ്രിൻസിപ്പാൾ

SPECIAL GRADE PRINCIPAL
MAHARAJA'S COLLEGE
ERNAKULAM

*(അനുബന്ധം അടുത്ത പേജിൽ)*

അനുബന്ധം

## ഓൺലൈനായി പരീക്ഷാഫീസ് അടയ്ക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

1. കോളേജ് വെബ്സൈറ്റിലെ സ്റ്റുഡന്റ് പോർട്ടലിൽ (https://maharajas.ac.in/mhsuite) ലോഗിൻ ചെയ്താണ് ഓൺലൈൻ ഫീസ് അടയ്ക്കേണ്ടത്. Admission Number ആണ് Username. Password മറന്നു പോയവർ Helpline നമ്പരിൽ ബന്ധപ്പെട്ട് അത് റീസെറ്റ് ചെയ്യേണ്ടതാണ്.
2. മികച്ച ഇന്റർനെറ്റ് ലഭ്യമായ സ്ഥലത്തുവച്ച് ലോഗിൻ ചെയ്യണം.
3. ലോഗിൻ ചെയ്തശേഷം ഓരോ ഘട്ടത്തിലും സ്ക്രീനിൽ കാണുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുമനസ്സിലാക്കി മുന്നോട്ടു പോകുക.
4. പരീക്ഷ Confirm ചെയ്തുകഴിഞ്ഞാൽ Proceed to Pay ക്ലിക്ക് ചെയ്യുക.
5. Payment പ്രക്രിയ തുടങ്ങിക്കഴിഞ്ഞാൽ Back പ്രസ്സ് ചെയ്യാനോ Refresh ചെയ്യാനോ പാടില്ല.
6. സ്ക്രീനിലെ നിർദ്ദേശങ്ങൾ അനുസ്സരിച്ച് ഉചിതമായ Online payment സംവിധാനം (Internet Banking/Debit Card/UPI) ഉപയോഗിക്കുക.
7. ഏതെങ്കിലും ഘട്ടത്തിൽ Error message വന്നാൽ സ്ക്രീനിലെ നിർദ്ദേശങ്ങൾ അനുസ്സരിച്ച് Wait ചെയ്യുക.
8. One Time Password (OTP) ന് മൂന്നു മിനിറ്റ് കാലാവധിയേയുള്ളൂ.
9. ഫീസ് അടച്ചതിനുശേഷം Fee Receipt, Examination Registration Form എന്നിവ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നുണ്ടെങ്കിൽ Registration വിജയകരമായി പൂർത്തിയായതായി കണക്കാക്കാം. അല്ലാത്തപക്ഷം സ്ക്രീനിലെ നിർദ്ദേശങ്ങൾ അനുസ്സരിച്ച് വീണ്ടും ശ്രമിക്കണം. എന്നിട്ടും സാധിക്കാത്തവർ Helpline Number -ൽ ബന്ധപ്പെടണം.
10. ഫീസ് അടച്ചതിനുശേഷം Fee Receipt, Examination Registration Form എന്നിവ നിർബന്ധമായും ഡൗൺലോഡ് ചെയ്തു സൂക്ഷിക്കുകയും, ആവശ്യപ്പെടുന്നപക്ഷം അവയുടെ പ്രിന്റൗട്ട് ഹാജരാക്കേണ്ടതുമാണ്.
11. മൊബൈൽ ഫോണിനുപകരം മികച്ച ഇന്റർനെറ്റ് ലഭ്യമായ കംപ്യൂട്ടർ ഉപയോഗിക്കുന്നതും, Payment ന് Internet Banking ഉപയോഗിക്കുന്നതും Payment വിജയസാദ്ധ്യത വർദ്ധിപ്പിക്കുന്നതായി കണ്ടുവരുന്നു.